ലക്കം–20/ആഗസ്ത്, 2014

# ഹവിസ്സ്

ആത്മ സാക്ഷാത്കാരത്തിന്റെ നേർവഴി



ശ്രീ കൃഷ്ണ ജന്മാഷ്ടമി ആശംസകൾ

# അനിവാര്യമായ മാററം...

## ആമുഖം

ചക്രം അതിന്റെ പ്രയാണം തുടരുകയാണ്. പതിവു പോലെ പൊന്നിൻ ചിങ്ങവും പടിവാതിൽക്കലെത്തിയിരിക്കുന്നു. ഓരോ മലയാളിയുടെ മനസ്സിലും ഉണർവ്വിന്റെയും ഉത്സാഹത്തിന്റെയും പൂക്കളം ഒരുക്കി കടന്നു വരുന്ന ശ്രാവണമാസം... കഷ്ടതകളുംബുദ്ധിമുട്ടുകളുംഅസ്വാസ്ഥ്യങ്ങളും എല്ലാം അവർ തത്ക്കാലത്തേയ്ക്ക് മറക്കുന്നു. അവരുടെ മാവേലി മന്നനെ വരവേൽക്കുവാൻ... മൂന്നു വലിയ ഉത്സവങ്ങളാണ് അടുത്തടുത്തായി കടന്നു വരുന്നത് – രക്ഷാബന്ധനം അഥവാ രാഖി, ശ്രീകൃഷ്ണ ജന്മാഷ്ടമി അഥവാ അഷ്ടമി രോഹിണി, തിരുവോണം. ഇതിൽ രാഖി കേരളത്തിൽ ഇനിയും അത്രയധികം പ്രസിദ്ധി നേടിയിട്ടില്ല. ഈ ഉത്സവങ്ങൾക്ക്, അവയുടെ ക്രമത്തിന്, അതിന്റേതായ പ്രാധാന്യം ഉണ്ട്.

കഷ്ടതകളുടെയും വറുതിയുടെയും ഇടയിൽ നട്ടം തിരിയുന്ന മാനവനെ രക്ഷിക്കുവാൻ സ്വയം ഭഗവാൻ അവതരിക്കുന്നതിന്റെ സ്മരണാർത്ഥമാണ് രാഖി ആഘോഷിക്കപ്പെടുന്നത്–കാലം ചെന്നപ്പോൾ അത് സഹോദരിയെ രക്ഷിക്കലായി മാറിയെങ്കിലും. സർവ്വ ശക്തനായ ഈശ്വരനു മാത്രമേ മനുഷ്യനെ അവന്റെ ഇന്നത്തെ അവസ്ഥയിൽ നിന്നും രക്ഷിക്കുവാൻ ആവൂ എന്ന സത്യം ഉൾക്കൊള്ളുമ്പോൾ യഥാർത്ഥ രക്ഷയുടെ ഉറവിടം നമുക്ക് വ്യക്തമാകും.

രാഖിയ്ക്കു ശേഷം വരുന്ന ഉത്സവമാണ് അഷ്ടമി രോഹിണി അഥവാ ശ്രീകൃഷ്ണ ജന്മാഷ്ടമി. ഷോഡശകലാ സംപൂർണ്ണനായ ശ്രീകൃഷ്ണന്റെ ജന്മദിനം വലിയ പ്രാധാന്യത്തോടെയാണ് ലോകമെമ്പാടും വൈഷ്ണവർ കൊണ്ടാടുന്നത്. ഈശ്വരനാൽ രക്ഷിക്കപ്പെട്ട മാനവൻ മാധവനാകുന്നതിന്റെ സ്മരണയാണ് ഈ ഉത്സവം നമ്മിൽ ഉണർത്തുന്നത്. കലിയുഗ ശൂദ്ര സംസ്കാരത്തിന്റെ പിടിയിൽ നിന്നും മുക്തരാക്കി, ദൈവീക ഗുണങ്ങൾ നിറച്ച് നമ്മുടെ ദൈവീക സ്വരാജ്യം വീണ്ടും പ്രാപ്തമാക്കിത്തരുന്ന ഈശ്വരീയ ലീല വർണ്ണനാതീതം. ശ്രീകൃഷ്ണന്റെ രാസലീല ഈ ഈശ്വരീയ ലീലയുടെ മുന്നിൽ തുലോം നിസ്സാരം. സത്യയുഗത്തിലെ ശ്രീകൃഷ്ണന്റെ എട്ടു ജന്മങ്ങളാണ് ഒരുമിച്ച് നാം ജന്മാഷ്ടമിയായി ആഘോഷിക്കുന്നത്.

ഓരോ നരനും ശ്രീനാരായണനും ഓരോ നാരിയും ശ്രീലക്ഷ്മിയും ആകുമ്പോൾ ഈ ഭൂലോകം വൈകുണ്ഠമാകും. 33 കോടി ദേവതകൾ വസിച്ചിരുന്ന നമ്മുടെ ഈ ഭാരത ഭൂവു വീണ്ടും സ്വർഗ്ഗമായതിന്റെ ഓർമ്മയ്ക്കായി നാം തിരുവോണം ആഘോഷിക്കുന്നു. തന്റെ സർവ്വസ്വവും ഈശ്വരാർപ്പണം ചെയ്ത ആ വലിയ മാനവന്റെ – മഹാബലിയുടെ – ഓർമ്മ മാത്രം മതി പരിവർത്തനത്തിന്റെ ബീജം നമ്മിൽ തളിർക്കുവാൻ. കള്ളവും ചതിയുമില്ലാത്ത, എള്ളോളം പൊളി വചനങ്ങളില്ലാത്ത ആ സമത്വ–സുന്ദര ഭാരതം വീണ്ടെടുക്കുവാൻ നാം ഓരോരുത്തരും തയ്യാറാകേണ്ട സമയമാണിത്.

കണ്ണു തുറന്നു നോക്കൂ, അനിവാര്യമായ മാററത്തിന് കളം ഒരുങ്ങിക്കഴിഞ്ഞു. തങ്ങളുടെ ശക്തി തെളിയിക്കുവാൻ അണ്വായുധങ്ങളുൾപ്പെടെയുള്ള ആയുധപ്പുര ഒരുക്കി കാത്തിരിക്കുന്ന ബുദ്ധിമാന്മാർ ഒരു വശത്ത് – നിരപരാധികൾക്ക് വേണ്ട ആയുധ സഹായവും പരിശീലവും നൽകി, അവരെ തമ്മിൽ തല്ലിച്ച്, അവരുടെ ചോരയിൽ നിന്നും അന്നം തേടുമ്പോൾ അവർ അറിയുന്നില്ല, ഈ തീക്കളി സർവ്വനാശത്തിന്റെ മുന്നോടിയാണെന്ന്. മനുഷ്യന്റെ ക്രൂരതകളിൽ മനം മടുത്ത് ആഞ്ഞടിക്കുവാൻ തയ്യാറായി നിൽക്കുന്ന പ്രകൃതി മറുവശത്ത്. അവിടെയും ഇവിടെയും കൊടുങ്കാററായും പേമാരിയായും ഉരുൾപൊട്ടലായും ഒക്കെ പരീക്ഷണം നടക്കുമ്പോൾ, വരുവാൻ പോകുന്ന പഞ്ചഭൂതങ്ങളുടെ സംഹാര താണ്ഡവം സങ്കല്പിക്കാവുന്നതേ ഉള്ളൂ.

മനുഷ്യന്റെ എല്ലാ അറിവും ബുദ്ധിയും കഴിവുകളും നിഷ്പ്രഭമാകുന്ന ആ അന്തിമ വേള ഇതാ ഇങ്ങെത്തിക്കഴിഞ്ഞു. ഇനി കളഞ്ഞു കളിക്കുവാൻ നമുക്കു സമയമില്ല. ഈശ്വരേച്ഛ അനുസരിച്ച് ജീവിച്ച്, ഈശ്വരീയ മാർഗ്ഗത്തിലൂടെ നമ്മുടെ ഉള്ളിലെ ദൈവീകതയെ ഉണർത്തുവാൻ പരംധാമം വിട്ടു വന്ന പരമാത്മാവും തിരികെ പോകുവാൻ വെമ്പൽ കൂട്ടിക്കഴിഞ്ഞു. സർവ്വ ഐശ്വര്യങ്ങളുടെയും പ്രതീകമായ ശ്രീകൃഷ്ണനെ വരവേൽക്കുവാൻ ധർത്തിയും തയ്യാറെടുക്കുകയാണ്. ആണ്ടിലൊരിക്കൽ ഉത്സവം ആഘോഷിച്ച് തൃപ്തരാകുന്നതിനു പകരം, ജീവിതം തന്നെ ഉത്സവമായ ഭൂമിയിലെ ആ സ്വർഗ്ഗത്തിൽ ജീവിക്കുവാൻ നമുക്കു തയ്യാറെടുക്കേണ്ടേ? അതിനുള്ള ഈശ്വരീയ വിധി – രാജയോഗി ജീവിത ശൈലി – സഹോദരിമാരിലൂടെ ഈശ്വരൻ നമ്മെ പഠിപ്പിക്കുകയാണ്. ബ്രഹ്മാകുമാരീസിന്റെ രാജയോഗ കേന്ദ്രങ്ങൾ ഈ അറിവ് സൗജന്യമായി നിങ്ങൾക്കു പകർന്നു നൽകും. വന്നാലും, അനിവാര്യമായ ഈ മാററം നമ്മിൽ നിന്നു തന്നെയാകട്ടെ... ഇത്തവണത്തെ പൂക്കളം നമ്മുടെ ഉള്ളിൽ തന്നെ നമുക്കു തീർക്കാം...



# താളുകൾ മറിക്കുമ്പോൾ


വിവേക ശകലങ്ങൾ............................................................................................................... ദാദി ജാനകി

ഉണ്ണിക്കണ്ണൻ.......................................................................................ബി.കെ. ശോഭാദേവി, തിരുവനന്തപുരം

വിവേകപൂർവ്വമായ സംഭാഷണത്തിന്റെ ..........................................................കൃഷ്ണനുണ്ണി, പാലക്കാട്

മോഹമുക്തം.................................................................................................ബി.കെ. ഹൻസ, മൗണ്ട് ആബൂ

മനുഷ്യാ നിന്റെ കാര്യം......................................................................പ്രതിഭാ നായർ, മൗണ്ട് ആബൂ

രചനാത്മകത.......................................................................................ബി. കെ. അനില, തിരുവനന്തപുരം

ആത്മീയതയും ധൈര്യവും..........................................................................................സുനിത, പാലക്കാട്

ദാനം....................................................................................................രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം

ഈശ്വരൻ ഹൃദയത്തിൽ വസിക്കുന്നതെന്തുകൊണ്ട്.................................രാജേഷ് മോഹൻ, ആലപ്പുഴ

സേവനവാർത്തകൾ....................................................................................................ഹവിസ് ബ്യൂറോ



**ബഹു. ഡോ. ദാദി ജാനകി**
മുഖ്യ പ്രശാസിക, ബ്രഹ്മാകുമാരീസ്

**സന്തുലനം നിലനിർത്തുന്നവർ**
**ബന്ധങ്ങളിൽ വിജയികളാകുന്നു.**

**ഇന്ന് എല്ലാ കർമ്മങ്ങളിലും സന്തുലനം പാലിക്കും, ഇതിലൂടെ ബന്ധം എങ്ങനെ സഹജമാകുമെന്നും മററുള്ളവരുടെ അനുഗ്രഹം പ്രാപ്തമാകുമെന്നും ശ്രദ്ധിക്കും. അപ്പോൾ, ചെയ്യുന്ന എല്ലാ കർമ്മങ്ങളിലും വിജയം അനുഭവം ചെയ്യുകയും ആനന്ദം നിറഞ്ഞ ഒരു ജീവിതം ആസ്വദിക്കുകയും ചെയ്യും.**

## പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയം



എല്ലാ ജാതിയിലും മതത്തിലും വർഗ്ഗത്തിലും പെട്ട ഞങ്ങൾ 137 രാജ്യങ്ങളിലായി വ്യാപിച്ചിരിക്കുന്ന പ്രജാപിതാ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ വിദ്യാലയത്തിന്റെ 9000 രാജയോഗ കേന്ദ്രങ്ങളിൽ നിത്യേന ക്ലാസ്സുകളിൽ പങ്കെടുക്കുന്നു. 55 രാജയോഗ കേന്ദ്രങ്ങളിലൂടെയും അനേകം ശാഖോപശാഖകളിലൂടെയും മലയാളത്തിന്റെ മണ്ണിലും ബ്രഹ്മാകുമാരീസ് അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

എല്ലാ വിശ്വാസ സംഹിതകളെയും ബഹുമാനിക്കുന്ന, യുക്തിയുക്തമായി ആത്മാവിന്റെയും ഈശ്വരന്റെയും, സമയത്തിന്റെയും, കർമ്മത്തിന്റെയും സ്വഭാവ രീതികൾ വിശദീകരിക്കുന്ന, ജ്ഞാനദീപ്തമായ ഒരു ജീവിതരീതി വർണ്ണിക്കുന്ന ആദ്ധ്യാത്മിക പഠനമാണ് ഞങ്ങൾ ഇവിടെ നടത്തുന്നത്.

മനസ്സിനെ ശാന്തമാക്കുന്ന, നമ്മുടെ ആന്തരീകവും ബാഹ്യവുമായ ലോകവുമായി ആരോഗ്യകരമായ ഐക്യം വളർത്തുന്ന, ഒരു ധ്യാന മാർഗ്ഗം ഞങ്ങൾ അഭ്യസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. അനേകം സാമൂഹ്യ പ്രവർത്തനങ്ങളിലൂടെയും സഹയോഗങ്ങളിലൂടെയും ആദ്ധ്യാത്മിക ധാരണയും സമഗ്രമായ നേതൃത്വവും ഞങ്ങൾ പ്രോത്സാഹിപ്പിക്കുകയും കൂടുതൽ മെച്ചപ്പെട്ട ഒരു ലോകത്തിനായി ഉത്കൃഷ്ടമായ കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നു.



# ഉണ്ണിക്കണ്ണൻ

ബി.കെ. ശോഭാദേവി, തിരുവനന്തപുരം

ഉണ്ണീ.... ഉണ്ണീ....പൊന്നുണ്ണീ....
ഈ അമ്മയ്ക്കെന്നെന്നും നീ മാത്രമല്ലോ!

ഓരോ ചുവടിലും പിൻതുടരുന്നു നിന്നെ
നിൻ സ്നേഹത്താൽ ബന്ധിതയാണമ്മ!

കണ്ണടച്ചാൽ തുറന്നാൽ നീ മുന്നിൽ
നിൻ കുറുമൊഴികളാണെൻ കർണ്ണങ്ങളിൽ!

നിൻ ഭാവഹാവാദികളാണെൻ ഉള്ളിൽ
നിൻ മന്ദഹാസമാണെൻ ജീവൻ!

കുഞ്ഞായ്, കൂട്ടായ് വന്നൂ നീ ഉള്ളിൽ
അമ്മതൻ ഊന്നുവടിയായ് നീ!

ശ്വാസം നിലച്ചാലും നിൻ ഓർമ്മ നിൽക്കേണം
എന്നെന്നും എന്നൊപ്പം നീ മാത്രമല്ലോ!

**Brahma Kumaris® "Peace of Mind" Global Channel - Info-Edutainment News Channel.**
**No Advertisement..**

PEACE OF MIND
CHANNEL

**"Peace of Mind" Channel**
**FRQ: 4054, POL: H, SYM: 13230, INSAT: 4A**
**Request Cable Operators today**
**"C" Band with Mpeg4 Receiver can see FREE LIVE**
**http://pmtv.in, pmtv@bkmail.org**
**SMS to 56161 bktv (Your MSG), +91 9960588432, 8104777111**



# വിവേകപൂർവ്വമായ സംഭാഷണത്തിന്റെ ആവശ്യകത

കൃഷ്ണനുണ്ണി, പാലക്കാട്

മനുഷ്യന് ലഭിച്ച ഏററവും വലിയ വരദാനമാണ് സംസാരിക്കാനുള്ള കഴിവ്. അതവനെ എല്ലാ ജീവജാലങ്ങളിൽ നിന്നും വ്യത്യസ്തനാക്കുന്നു. വാക്കുകൾക്ക് അപാരമായ ശക്തിയുണ്ട്, രക്ഷിക്കാനും ശിക്ഷിക്കാനും പിണക്കാനും ഇണക്കാനുമൊക്കെ. എന്നാൽ വാക്കുകൾ പുറപ്പെടുവിക്കുന്നത് നമ്മുടെ മനസ്സാണ്. നന്മയും ശാന്തിയും നിറഞ്ഞ മനസ്സിൽ നിന്ന് പുറപ്പെടുന്ന വാക്കുകൾ സ്നേഹത്തിന്റെ തേൻ തുള്ളികളായി മാറുന്നു. രോഷം നിറഞ്ഞ മനസ്സിൽ നിന്ന് വരുന്ന വാക്കുകളാവട്ടെ, വിഷാദവും, വൈരാഗ്യവും വാരി വിതറുന്ന തീപൊരി പോലെയും. ആലോചനയില്ലാതെ വായിൽ നിന്ന് പുറപ്പെടുന്ന അത്തരം വാക്കുകൾ പാരിൽ തെറിച്ചു വീണ വിഷം പോലെയാണ്. സമൂഹം മുഴുവൻ അത് മലീമസമാക്കും. അപരന് ആത്മസുഖം പകരുന്നതാകണം നമ്മുടെ സംഭാഷണം. അതവരിൽ പല ചിന്തകൾ ഉണ്ടാക്കുന്നു. സംസാരത്തിൽ അഹങ്കാരം ഒട്ടും ഉണ്ടാവാൻ പാടില്ല. അതിനാവശ്യം ശുദ്ധമായ മനസ്സാണ്. വികാരത്തിനുപരി വിവേകം നിറഞ്ഞ മനസ്സിൽ നിന്നാണ് സന്തോഷം പകരുന്ന സംഭാഷണം പൊഴിഞ്ഞുവീഴുന്നത്. നമ്മുടെ വാക്കുകൾ അപരനിൽ ഉണ്ടാക്കുന്ന ആ സന്തോഷം, തീർച്ചയായും നമ്മിലേക്കും പകരും. നമ്മുടെ വാക്കുകൾ മററുള്ളവരിലേക്ക് ആവേശം പകരും, പക്ഷെ അവസരം നോക്കി വേണം സംസാരിക്കാൻ. കോപം കൊണ്ടോ താപം കൊണ്ടോ മനസ്സ് മടുത്തിരിക്കുന്നവരോട് തമാശ പറയാൻ പുറപ്പെട്ടാൽ എന്തായിരിക്കും സ്ഥിതി. നമ്മുടെ സംഭാഷണം മററുള്ളവരിൽ മുറിവേൽപ്പിക്കുന്നുണ്ടോ എന്നും അവർക്കിഷ്ടമാകുന്നുണ്ടോ എന്നും തുടക്കത്തിലേ അറിയണം. പ്രതികരണത്തിനനുസരിച്ച് വേണം സംസാരം തുടരാൻ. കേൾക്കുന്നവരുടെ മാനസികാവസ്ഥ തനിക്കറിയുന്നില്ലായെങ്കിൽ താനെങ്ങനെ പ്രതികരിക്കും എന്ന് മാത്രം ചിന്തിക്കുക. അപ്പോൾ സംസാരം ശുഭമാകും. വിവേകം നഷ്ടപ്പെടുമ്പോൾ അപ്രിയമായ കാര്യങ്ങൾ നമ്മുടെ നാവിൽ നിന്ന് പുറത്തു വരുന്നു. അത്തരം ദുഷിച്ച സംഭാഷണങ്ങൾ കേൾവിക്കാരനിൽ താപവും ക്രോധവും കൊണ്ടു വരും. ഒരു പക്ഷെ അദ്ദേഹത്തെ നമ്മുടെ ജന്മശത്രുവാക്കി മാററാൻ തക്ക ശക്തി ഉണ്ടാവും. അതുകൊണ്ടാണ് നമ്മുടെ പൂർവ്വികർ പറഞ്ഞത് 'നബ്രൂയാൻ സത്യം അപ്രിയ' അതായത് അപ്രിയ സത്യങ്ങൾ വിളിച്ചു കൂവാതിരിക്കുക എന്ന്. സത്യം പറയരുതെന്നല്ല ഇതിനർത്ഥം. സത്യം മറയ്ക്കുന്നതുമല്ല. മറിച്ച് അനവസരത്തിൽ അപ്രിയമായ സത്യങ്ങൾ വിളിച്ച് പറഞ്ഞ് ജീവിതത്തെ നരകതുല്യമാക്കരുത് എന്നാണ്. വിവേകവും വീണ്ടുവിചാരവും കൊണ്ട് പ്രിയതരമായ അന്തരീക്ഷം നിലനിർത്താൻ അറിവുള്ളവർ വീണ്ടും വീണ്ടും പറയുന്നു. അങ്ങനെ അനവസരത്തിൽ സത്യങ്ങൾ വിളിച്ച് പറഞ്ഞ് മററുള്ളവരെ നമ്മുടെ ശത്രുവാക്കരുത്. രണ്ട് ദേവതമാർ പണ്ട് വാൽമീകി മഹർഷിയുടെ ആശ്രമത്തിലെത്തി ഐശ്വര്യത്തിന്റെ ആൾ രൂപമായ ലക്ഷ്മീ ഭഗവതിയും ദാരിദ്ര്യത്തിന്റെ പ്രതീകമായ ജ്യേഷ്ഠാ ഭഗവതിയും. വാൽമീകി മഹർഷിയോട് സംശയം ചോദിക്കാനെത്തിയതാണ്. ഇവരിൽ ആരാണ് കേമൻ എന്നറിയണം. ഉത്തരം എന്ത് നൽകിയാലും അപകടമാണ്, ശാപവും ഉണ്ടാകും. പക്ഷെ വിവേകശാലിയായ വാൽമീകി മഹർഷി പറഞ്ഞു. രണ്ടു പേർക്കും ഒരു പോലെ ശക്തിയുണ്ട്. ലക്ഷ്മീദേവി വീട്ടിലേക്ക് കടന്നു വരുമ്പോൾ അവിടെ ഐശ്വര്യം കടന്നു വരുന്നു. ജ്യേഷ്ഠാ ദേവി വീട്ടിൽ നിന്ന് കടന്നു പോകുമ്പോൾ ഐശ്വര്യം കടന്നു വരുന്നു. ഉത്തരം വളരെ വ്യക്തമായി. രണ്ടു ദേവതമാർക്കും സന്തോഷമായി. അവർ

ശേഷം 6–ാം പേജിൽ....



# മോഹമുക്തം

ബി.കെ. ഹൻസ, മൗണ്ട് ആബു

ദാദി സർവ്വ സംബന്ധങ്ങളുടെയും സുഖം ഒരു ഈശ്വരനിൽ നിന്നും അനുഭവിക്കുന്നു. ദാദി ആരേയും തന്നിലേയ്ക്ക് ആകർഷിപ്പിക്കാറില്ല. ചിലപ്പോൾ ഞാൻ കുറച്ച് കൂടുതൽ ഇഷ്ടം കൂടും. അപ്പോൾ ദാദി എന്നെ നോക്കി കണ്ണുരുട്ടും. ദാദി ഒരിക്കലും തന്നെ പുകഴ്ത്തുവാൻ അനുവദിക്കാറില്ല, പകരം ആരാണോ ദാദിയെ ഇപ്രകാരം ശ്രേഷ്ഠയാക്കിയത് ആ ഈശ്വരനിലേയ്ക്ക് നമ്മുടെ ശ്രദ്ധയെ തിരിക്കുന്നു.

ദാദി ഒരിക്കലും തനിക്കു ബന്ധമില്ലാത്ത കാര്യങ്ങളിൽ ഇടപ്പെടാറില്ല. ആരെങ്കിലും പരിഭവമോ പ്രശ്നങ്ങളോ കൊണ്ടു വരുകയാണെങ്കിൽ, ദാദി അവരെ അവരുടെ പ്രശ്നങ്ങളുടെ പരിഹാരം നൽകുവാൻ പ്രാപ്തരായവരുടെ അടുക്കലേയ്ക്ക് പറഞ്ഞു വിടുന്നു. ആരെയെങ്കിലും കുറിച്ച് എന്തെങ്കിലും കുറ്റം ആരെങ്കിലും പറയുകയാണെങ്കിൽ ദാദി അത് കേൾക്കാറില്ല. ദാദി അവർക്ക് ശുഭ ഭാവന നൽകുകയും അവരുടെ ചിന്താധാര ഉയർത്തുകയും ചെയ്യുന്നു. ദാദി ഒരുക്കലും ക്ഷീണിത യാകാറില്ല. ദാദി എല്ലാവർക്കും ഒരു പുതിയ ജീവിതം നൽകുന്നതിന് തുണയായിക്കൊണ്ടിരിക്കുന്നു.

ഞാൻ ഓർക്കുകയാണ്, ഒരിക്കൽ തന്റെ പ്രശ്നങ്ങൾക്ക് പരിഹാരം തേടി ഒരാൾ ദാദിയുടെ അടുക്കൽ വന്നു. അവർക്ക് ജീവിതത്തിൽ സുഖവും, ശാന്തിയും നഷ്ടമായിരിക്കുന്നു. എന്നിട്ടും അവർ ദാദിയുടെ നിർദ്ദേശം അനുസരിച്ചില്ല. ദാദി അവരെ ഒരിക്കലും കൈയൊഴിഞ്ഞില്ല. അവർക്ക് എന്നും തന്റെ സാമീപ്യം ദാദി ഉറപ്പാക്കി. അങ്ങനെ നിരാശ നിറഞ്ഞ മനസ്സിൽ ആശയുടെ കിരണങ്ങൾ തെളിഞ്ഞു. ഇത് ദാദിയുടെ മഹാനതയാകുന്നു.

5–ാം പേജ് തുടർച്ച......

മഹർഷിയെ അനുഗ്രഹിച്ചു. സാഹചര്യങ്ങൾ മനസ്സിലാക്കി സംസാരിക്കാൻ ഈ കഥ നമ്മേ പഠിപ്പിക്കുന്നു. പറയുന്നത് പ്രിയമാണെങ്കിലും അപ്രിയമാണെങ്കിലും സത്യമാണെങ്കിലും അത് ഉൾകൊള്ളാനുള്ള മാനസികാവസ്ഥ അപരനിൽ ഉണ്ടായിരിക്കണം. അതില്ലായെങ്കിൽ അപകടം ഉറപ്പാണ്. അത്തരം സംഭാഷണങ്ങൾ ജീവനാശ ത്തിന് പോലും കാരണമാകും. പഞ്ചതന്ത്രത്തിലെ ബുദ്ധിമാനായ കിളിക്കുണ്ടായ അനുഭവം അതാണ് നമ്മേ പഠിപ്പിക്കുന്നത്. കടുത്ത മഴക്കാലത്ത് കിളി കാട്ടിലൂടെ പറന്നുപോകുമ്പോൾ ഒരു കാഴ്ച കണ്ടു. തണുത്ത് വിറയ്ക്കുന്ന കുരങ്ങന്മാർ തീ കൂട്ടി ചൂടു കായുന്നു. വിറകു കൂട്ടി മിന്നാമിനു ങ്ങിനെ അതിലിട്ട് ഊതുന്നു. ഇതു കണ്ട കിളി കുരങ്ങനെ വിളിച്ചു പറഞ്ഞു. മണ്ടാ, അത് തീ അല്ല, മിന്നാമിനുങ്ങാണ്. കുരങ്ങൻ തിരിഞ്ഞു നോക്കിയില്ല. വീണ്ടും വീണ്ടും കുരങ്ങനെ വിളിച്ച് കിളി ഇങ്ങനെ പറഞ്ഞു. ക്ഷമ കെട്ടപ്പോൾ കുരങ്ങൻ തിരിഞ്ഞ് ഒററച്ചാട്ടത്തിന് കിളിയെ പിടിച്ച് കഴുത്ത് ഞെരിച്ച് കൊന്നു. ആളറിയാതെ, അവ സ്ഥയറിയാതെ ഉപദേശിക്കാൻ പോകരുതെന്ന് കിളിയുടെ കഥ നമ്മെ ഓർമ്മിപ്പിക്കുന്നു. ദേഷ്യം എന്ന വികാരമുണ്ടായപ്പോൾ ബുദ്ധിശാലിയായ കിളിക്ക് വിവേകം നഷ്ടപ്പെട്ടു. ഉപദേശിക്കാൻ പോയതാവട്ടെ ബുദ്ധിയില്ലാത്ത കുരങ്ങനേയും. ആ കുരങ്ങനാവട്ടെ കൊടും മഴയിൽ തണുത്ത് വിറച്ച് നിയന്ത്രണം വിട്ട അവസ്ഥയിലും.

ഇതെല്ലാം നമ്മെ പഠിപ്പിക്കുന്നത് വിവേകപൂർണ്ണ മായ സംഭാഷണത്തിന്റെ ആവശ്യകതയെ കുറിച്ചാണ്. സത്യമേ പറയാവൂ. പക്ഷെ അന വസരത്തിലുള്ള സത്യം പറച്ചിൽ ഒഴിവാക്കുക. ആളെ അറിഞ്ഞ്, അവസ്ഥ അറിഞ്ഞ് സാഹചര്യം മനസ്സിലാക്കി വിവേകപൂർവ്വം സംസാരിക്കുക. അപ്പോഴൊക്കെ വിവേകം നമുക്ക് കൂട്ടിരിക്കും.



# മനുഷ്യാ നിന്റെ കാര്യം...

പ്രതിഭാ നായർ, മൗണ്ട് ആബൂ

അന്നത്തിനു വേണ്ടി, ദരിദ്രൻ മൈലുകൾ താണ്ടുന്നു
കഴിച്ച ആഹാരം ദഹിപ്പിക്കുന്നതിനു വേണ്ടി, ധനികൻ മൈലുകൾ താണ്ടുന്നു

ചിലരുടെ പക്കൽ ഒരു നേരം കഴിക്കുവാനുള്ള ആഹാരം ഇല്ല
ചിലരുടെ പക്കൽ ഒരു നേരം കഴിക്കുവാനുള്ള നേരവും ഇല്ല

ചിലർ സ്വന്തക്കാർക്കു വേണ്ടി തന്റെ ആഹാരം ഉപേക്ഷിക്കുന്നു
ചിലർ  ആഹാരത്തിനു വേണ്ടി സ്വന്തക്കാരെ ഉപേക്ഷിക്കുന്നു

മനുഷ്യാ നിന്റെ കാര്യം അതിശയം തന്നെ !

മനുഷ്യൻ പണം സമ്പാദിക്കുന്നതിനു വേണ്ടി ആരോഗ്യം നഷ്ടപ്പെടുത്തുന്നു
ആരോഗ്യം വീണ്ടെടുക്കുന്നതിനു വേണ്ടി പണം നഷ്ടപ്പെടുത്തുന്നു

ജീവിക്കുന്നതു കണ്ടാൽ തോന്നും ഒരിക്കലും മരിക്കില്ലെന്ന്
ഒടുവിൽ ഒരിക്കലും ജീവിച്ചിരുന്നിട്ടില്ലാത്ത വിധം മരിക്കുന്നു

ഒരു നിമിഷം കൊണ്ട് ജീവിതം മാറില്ല
എന്നാൽ ഒരു നിമിഷം കൊണ്ട് എടുത്ത തീരുമാനത്താൽ ജീവിതം മാറുന്നു

## മഹദ്വചനങ്ങൾ

ക്ഷമിക്കുക എന്നത്
വല്ലപ്പോഴും ചെയ്യുന്ന ഒരു കർമ്മമല്ല,
മറിച്ച് അത് ഒരു ദർശനമാണ്.

**മാർട്ടിൻ ലൂതർ കിംഗ് ജൂനിയർ**



# രചനാത്മകത

ബി.കെ. അനില

അറിവും കഴിവും ആർജ്ജിക്കാനും, അതിനെ പ്രായോഗിക രീതിയിൽ ഉപയോഗിക്കുവാനുമുള്ള വൈദഗ്ദ്ധ്യമാണ് ബുദ്ധിസാമർത്ഥ്യം. ജീവിതത്തിൽ മുന്നേറുവാൻ ആവശ്യമായ ഒരു പ്രധാന ഘടകമാണിത്. ബുദ്ധിസാമർത്ഥ്യം പല വ്യക്തികൾക്കും പല കാര്യങ്ങളിലായിരിക്കും ഉണ്ടായിരിക്കുന്നത്. ചിലർക്ക് ശാസ്ത്രീയ കാര്യങ്ങളിലായിരിക്കാം, മറ്റു ചിലർക്ക് വിവിധ കലകളിലായിരിക്കാം. ബുദ്ധിസാമർത്ഥ്യം ഇല്ലാത്ത ആരുമുണ്ടാകില്ല എന്നത് വാസ്തവമാണ്. അതിനാൽ ഈ സൃഷ്ടിയിലെ ഓരോരുത്തരും അതുല്യരാണ്.

ഈ അതുല്യത ഉണ്ടായിരിക്കുമ്പോഴും ഓരോരുത്തരുടെയും വ്യക്തിപരമായ ജീവിതം നോക്കുകയാണെങ്കിൽ സന്തോഷവും, ഒപ്പം പല രീതിയിലുള്ള അരക്ഷിതാവസ്ഥയും ഭയവും ഇടകലർന്നതാണ് ഇന്നത്തെക്കാലത്തെ ജീവിതം. പല രീതിയിലുള്ള വൈകാരിക സംഘർഷങ്ങളിലൂടെ അത് കടന്നു പോകുന്നു. ഈ സംഘർഷങ്ങൾ അധികരിക്കുമ്പോൾ മാനസികവും ശാരീരികവുമായ ഊർജ്ജത്തിന്റെ സ്വാഭാവികമായ ഒഴുക്ക് തടസ്സപ്പെടുന്നു. അത് പല സ്ഥാനങ്ങളിൽ തടയപ്പെട്ടു കിടക്കുന്നു. ഊർജ്ജത്തിന് സ്വതന്ത്രമായി ഒഴുകാൻ കഴിയാതെ വരുമ്പോൾ അത് വേദനയും ക്ഷീണവും, തളർച്ചയും കൊണ്ടു വരുന്നു. ജീവിതത്തിൽ മുന്നേറുവാൻ കഴിയാതെ ഒരു സ്ഥാനത്ത് കുടുങ്ങിപ്പോകുന്നു, ട്രാഫിക്ക് ജാമിൽ അകപ്പെട്ടതുപോലെ. ഈ വൈകാരിക ട്രാഫിക്ക് ജാം കാരണം ഉണ്ടാകുന്ന വൈകാരിക സമ്മർദ്ദത്താൽ ചില അവസരങ്ങളിൽ പൊട്ടിത്തെറിക്കുകയും ചെയ്യുന്നു. ജീവിതത്തിൽ യുദ്ധം ചെയ്യേണ്ടി വരുന്നു. ശക്തികൾ കുറയുന്നു. അങ്ങനെയാകുമ്പോൾ ജീവിത പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതും അതിജീവിക്കുന്നതും പ്രയാസമായി തോന്നും. പിന്നെ പല പല ആശ്രയങ്ങളിൽ അഭയം പ്രാപിക്കുവാൻ ശ്രമിക്കും.

എന്നാൽ വാസ്തവത്തിൽ നമ്മുടെ ഉള്ളിൽ നമ്മുടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനും തരണം ചെയ്യുവാനുമുള്ള കഴിവുകൾ ഉണ്ട്. പക്ഷെ ഓരോരുത്തരിലും അന്തർലീനമായിരിക്കുന്ന ആ കഴിവിനെ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. പക്ഷെ, ഏതെല്ലാം ഗുണങ്ങൾ ഉണ്ടായിരുന്നാലും, ഏതെല്ലാം ശക്തികൾ ഉണ്ടായിരുന്നാലും, സാഹചര്യങ്ങളിലെ ആവശ്യകതയനുസരിച്ച് അവയെ പ്രവർത്തിയിൽ കൊണ്ടുവരാൻ സാധിക്കണം. അത് സാധ്യമാകുന്നതിന് ബുദ്ധിയുടെ ഒരു പ്രത്യേക കഴിവിനെ ഉണർത്തിയെടുക്കണം. ആ കഴിവാണ് രചനാത്മകത. ഈ ബുദ്ധിവൈഭവം നമ്മളെ ദുഃഖങ്ങളിൽ നിന്നും നിരാശകളിൽ നിന്നും മുക്തമാക്കും. ബാഹ്യലോകത്തിന്റെ പരിമിതികൾക്കുമപ്പുറത്തുള്ള സന്തോഷം നമുക്ക് സമ്മാനിക്കും.

മനുഷ്യന്റെ സ്വാഭാവിക ഗുണങ്ങളിലൊന്നാണ് രചനാത്മകത. അറിവുകളും അനുഭവങ്ങളും കോർത്തിണക്കി പുതിയ ആശയങ്ങൾ രൂപപ്പെടുത്തിയെടുക്കാനുള്ള കഴിവാണ് രചനാത്മകത. പ്രതികൂല സാഹചര്യങ്ങളിൽ നമ്മുടെ മനോവികാരം എന്താണെന്ന് തിരിച്ചറിയണം. എന്താണ് എന്റെ ഫീലിംഗ് – ദുഃഖത്തിന്റേയോ ഭയത്തിന്റേയോ ഫീലിംഗ് ആണ് വന്നതെങ്കിൽ അതിന്റെ കാരണം ചിന്തിക്കണം. എനിക്ക് ഉണ്ടായിരിക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്ന ഫീലിംഗ് ഏതാണ്, എന്റെ താല്പര്യം ഏത് ഫീലിംഗ് ആണ്? ആ ഫീലിംഗ് എനിക്ക് കിട്ടുന്നതിന് ഏത് ശക്തിയോ ഗുണമോ ആണ് ഞാൻ ഉപയോഗിക്കേണ്ടത് എന്ന് തിരിച്ചറിയണം. അപ്പോൾ നമ്മൾ ആ നെഗറ്റീവ് ഫീലിംഗിൽ നിന്നും വേർപെട്ടു തുടങ്ങും. നമുക്ക് ആവശ്യമായിരിക്കുന്ന ഗുണമോ ശക്തിയോ നമ്മുടെ അനാദിയായ വൈശിഷ്ട്യം തന്നെയാണ് എന്ന് നമുക്ക് തിരിച്ചറിയുവാൻ കഴിയും.

ശേഷം 10–ാം പേജിൽ....

# ആത്മീയതയും ധൈര്യവും.

**സുനിത, പാലക്കാട്**

**ധൈര്യം ഭയത്തിന്റെ ഇല്ലായ്മയല്ല,
എന്നാൽ ഭയത്തിലുപരി പ്രാധാന്യമുള്ള
മററു ചില കാര്യങ്ങളുണ്ടെന്ന തീരുമാനമാണ്.**
– ആംബ്രോസ് റെഡ്മൂൺ

ഏതു മതത്തിലാണ് സത്യമുള്ളത്?

സത്യത്തിന്റെയും അസത്യത്തിന്റെയും നിലനില്പാണ് ഈ ചോദ്യത്തിലൂടെ ഉരുത്തിരിയുന്നത്. അതാണ് ദ്വൈതം. ദ്വൈതാവസ്ഥയിൽ നാം യാഥാർത്ഥ്യം ഉൾക്കൊള്ളുന്നില്ല, അതോടൊപ്പം യുക്തിപരമല്ലാത്ത സത്യവും. എന്നാൽ ഈ ചോദ്യം തത്വശാസ്ത്രപരവും, ചരിത്രപരവുമായ ഗവേഷണത്തിന് ഒരു നല്ല തുടക്കമാണ്. തർക്കത്തിനും വാദ പ്രതിവാദത്തിനും ഇതൊരു പ്രധാന ഘടകമാണ്. എന്നിരുന്നാലും കുറെയധികം വാക്കുകൾക്കുപരി ഇതിന്റെയെല്ലാം പിന്നിൽ ഒന്നും തന്നെയില്ല.

യൂ ട്യൂബിൽ ആത്മീയ ഉന്നതിയ്ക്കായുള്ള ഒരു വീഡിയോ വീക്ഷിക്കുമ്പോൾ സംഭവിക്കുന്നതും ഇതു തന്നെ. സാക്ഷാത്കാരമോ അനുഭൂതിയോ ഇല്ല. ദ്വൈതത്തിൽ കുടുങ്ങിയ, ആവർത്തന സ്വഭാവമുള്ള, വിരസമായ, ചില ധാരണകൾ മാത്രം.

സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കുന്ന വളരെ കുറച്ച് ആത്മീയ ഗുരുക്കന്മാർ മാത്രമേ ഉള്ളൂ. അധികവും മററുള്ളവർ നടത്തിയ ആത്മീയ ഗവേഷണങ്ങളോ അല്ലെങ്കിൽ ആരെങ്കിലും എഴുതിയതും അനുയായികളാൽ പരിപാലിക്കപ്പെട്ടതുമായ പുണ്യ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനങ്ങളോ ആയിരിക്കും.

മതപരമായ ദർശനത്തിൽ നിന്നുള്ള അറിവ് വളരെ പ്രധാനപ്പെട്ടതാണ്. മറ്റ് അനുയായികൾ അത് മുന്നോട്ട് കൊണ്ടുപോകുന്നു. വേറെ ചിലർ ഒരു സിദ്ധാന്തത്തിന്നു സഹായകമായ തെളിവാക്കുന്നു.

ഒരു ആത്മീയ ദർശനത്തിന് ഇത് ഉപയോഗശൂന്യമായ ഒരറിവാണ്, ആത്മീയതയിൽ പുസ്തകത്തിൽ നിന്നുള്ള അറിവ് തികച്ചും ഉപയോഗമില്ലാത്തതാണ്.

ആത്മീയത പങ്ക് വെക്കുമ്പോൾ വ്യത്യസ്ത കാഴ്ചപ്പാടിലുള്ള ഒരു പ്രകാശസ്ഫുരണം ഉള്ളിന്റെ ഉള്ളിൽ ഉണ്ടാക്കാൻ കഴിയണം. അതുകൊണ്ട് വാസ്തവികതയുടെ മറ്റൊരു പ്രകാശദർശനം, ദൃശ്യമാറ്റം അവിടെ ഉണ്ടാവും.


നമുക്ക് ആ പ്രകാശദർശനം സ്വന്തം അനുഭവമായി മാറും. ഒരു പുതിയ മനോഭാവം ജനിക്കും. നിർഭാഗ്യവശാൽ അധികമാരും സ്വന്തം അനുഭവങ്ങൾ ഉണ്ടാക്കാൻ തയ്യാറല്ല, മാത്രമല്ല മറ്റാരെങ്കിലും ഇമ്പോർട്ടന്റായി പറഞ്ഞിട്ടുള്ളവ വിശ്വസിച്ച് അതാണ് ആശ്വാസമായ വഴിയെന്നു കരുതുന്നു. പറയും അദ്ദേഹം സമർത്ഥനാണ്, അദ്ദേഹത്തിന് 5,00,000 അനുയായികൾ ഉണ്ട്, അദ്ഭുതങ്ങൾ കാണിക്കുന്ന ദിവ്യനാണ്! വളരെ നന്നായി സംസാരിക്കും അവർക്ക് വിശേഷശക്തികൾ ഉണ്ട്. ഇതെല്ലാം സൃഷ്ടിക്കുന്നത് സംഘടിതമായ ഒരു വിശ്വാസമാണ് അവസാനമായി ആത്മീയ ജ്ഞാനം മതപരമായ ഒരു ആചാരമായി വഴിമാറുന്നു. പിന്തുടരുന്നു.

ആത്മീയത അർത്ഥമാക്കുന്നത് സത്യത്തിലുപരി അനുഭവങ്ങൾ പങ്ക്വെച്ച് ഉയർത്തപ്പെടുക എന്നതാണ്. നമ്മൾ ഓരോരുത്തരും അവരവരുടെ സ്വന്തം സത്യത്തെ കണ്ടെത്തണം. അതെ, മറ്റൊരാൾക്കും നിങ്ങളുടേതായ വഴിയിൽ 'നിങ്ങൾക്കായി' സഞ്ചരിക്കാൻ കഴിയില്ല - No One can walk your own path for you. അതുകൊണ്ട് ധൈര്യം ആവശ്യമായി വരുന്നു ഇതൊരു ജീവിത യാഥാർത്ഥ്യമാണ്. ഇതുവരെയുണ്ടായിരുന്ന അറിവിനേയും, ചിന്തകളേയും ദൂരെ വലിച്ചെറിയാനുള്ള ചങ്കുറപ്പ് അഥവാ ധൈര്യം ഉണ്ടാവേണ്ടിയിരിക്കുന്നു. ഈ സമയം പുതിയ അറിവിന്റെ വിശ്വാസയോഗ്യമായ അറിവിന്റെ പഠനം തുറക്കപ്പെടണം. നമ്മുടെ ആത്മാവിൽ നിന്നുള്ള ശബ്ദം തിരിച്ചറിഞ്ഞ് സ്വയം പരിവർത്തനം നടത്തണം ബുദ്ധിമുട്ടാണ്, പാരമ്പര്യമായി ആചരിച്ചുവന്നവയെ, വാദിച്ചു തെളിയിച്ച കാര്യങ്ങളെ അതിലൂടെ ചുവടുവെച്ചു വന്ന സുഗമമെന്ന വഴി മാറ്റി ചവിട്ടാൻ.

പുതിയ അറിവ് കിട്ടുമ്പോൾ പഴയ കാര്യങ്ങൾ മറക്കണം. ദൂരെ കളയണം.

# ദാനം

രവീന്ദ്രൻ പുത്തൂർ, തിരുവനന്തപുരം



ഒരിക്കൽ മഹാത്മാഗാന്ധിയുടെ അടുത്ത് ഒരു യാചകൻ ഭിക്ഷയ്ക്കായി എത്തി, ആരോഗ്യവാനായ ഒരു മദ്ധ്യവയസ്ക്കനായിരുന്നു അയാൾ. തനിക്കെന്തെങ്കിലും ഭിക്ഷ തരാനായി അയാൾ ഗാന്ധിജിയോട് ആവശ്യപ്പെട്ടു. വളരെ സങ്കടത്തോടെ ഗാന്ധിജിയോട് എന്തൊക്കെയോ പറയുകയും ചെയ്തു. അയോളളോടു ദയ തോന്നിയ ഗാന്ധിജി അയാളെ തന്റെ പാർപ്പിട സ്ഥാനത്തേക്കു കൂട്ടിക്കൊണ്ടുപോയി. എന്നിട്ടു പറഞ്ഞു അപ്പുറത്തൊരു മൺവെട്ടി ഇരിപ്പുണ്ട്. അതെടുത്ത് ഈ മുററത്തൊരു കുഴി കുഴിക്കൂ. മനസ്സില്ലാ മനസ്സോടെയാണെങ്കിലും അയാൾ ആ ജോലി ചെയ്യാൻ തയ്യാറായി. ഇതു കണ്ട് ഗാന്ധിജി വീണ്ടും പറഞ്ഞു. ഇനി ആ കുഴി നികത്തിക്കൊള്ളു. അയാൾ അങ്ങനെയും ചെയ്തു. എന്നിട്ട് ഗാന്ധിജി അയാളോടിങ്ങനെ പറഞ്ഞു ഈ ജോലി ചെയ്തതിനായി ഞാൻ നിങ്ങൾക്ക് ഇത്രയും പണം തരികയാണ്, ഇതുകൊണ്ടുപോയി നിങ്ങളുടെ ആവശ്യം നിറവേറ്റാം. മാത്രമല്ല ഇനി ആരോടും ഭിക്ഷ യാചിക്കയുമരുത്. ചെറുതെങ്കിലും ഒരു തൊഴിൽ പഠിച്ചു വച്ചാൽ ജീവിതകാലം മുഴുവൻ നിങ്ങൾക്ക് ആ തൊഴിൽ കൊണ്ട് മാന്യമായി ജീവിക്കാനാകും. ഇത്തരമൊരു ദാനമാണ് ഗാന്ധിജി അയാൾക്കു വേണ്ടി നൽകിയത്. അതുപോലെ നമുക്ക് മറ്റൊരാളോടു ദയ തോന്നി നൽകുന്ന ദാനം അയാളെ രക്ഷിക്കുന്നുണ്ടോ! അതോ കൂടുതൽ യാചിക്കാൻ പ്രേരിപ്പിക്കുകയാണോ ചെയ്യുന്നത് ഇതും പരിശോധിക്കപ്പെടേണ്ടതാണ്.

8-ാം പേജ് തുടർച്ച......

ഈ തിരിച്ചറിവ് മെഡിറ്റേഷനിലൂടെയാണ് ലഭിക്കുന്നത്. മെഡിറ്റേഷനിൽ ഈശ്വരനുമായി മനസ്സിനെ യോജിപ്പിക്കുമ്പോൾ ലഭിക്കുന്ന ഊർജ്ജം നമ്മുടെ ആ അനാദി ഗുണങ്ങളെയും ശക്തികളെയും ഉണർത്തും. പിന്നെ സാഹചര്യങ്ങളെ സാക്ഷിയായി വീക്ഷിക്കുവാൻ കഴിയും. അത് നമ്മളെ പ്രശ്നങ്ങൾക്ക് ഉപരിയാക്കും. കഴിഞ്ഞതിന്റെയോ, വരാൻ പോകുന്നതിന്റെയോ നെഗറ്റീവ് ഫീലിംഗിൽ നിന്നും മുക്തമാക്കും. വർത്തമാനത്തിൽ ജീവിക്കുവാൻ സഹായിക്കും. മനഃക്ലേശങ്ങളിൽ നിന്നും മാനസിക അസ്വാസ്ഥ്യങ്ങളിൽ നിന്നും മുക്തമാക്കും. വർത്തമാനത്തിൽ കേന്ദ്രീകരിച്ചുകൊണ്ടുള്ള രചനാത്മകമായ ബുദ്ധിവൈഭവം നിർഭയരായി ഭാവിയിലേയ്ക്ക് കടക്കുവാനുള്ള ശക്തി നമുക്ക് ആർജ്ജിക്കുവാൻ സഹായിക്കും.

# ഈശ്വരൻ ഹൃദയത്തിൽ വസിക്കുന്നതെന്തുകൊണ്ട് ?

രാജേഷ് മോഹൻ, ആലപ്പുഴ

ഭൂമിയിലെങ്ങും ചുറ്റി നടന്നു കാണാൻ ഈശ്വരൻ ഇവിടെയെത്തിയത്രേ. ഈശ്വരനെ തിരിച്ചറിഞ്ഞ ഭക്തജനങ്ങൾ ടൂറിസ്റ്റുകളെ വളഞ്ഞ് പണം ചോദിക്കുന്ന പിച്ചക്കാരെപ്പോലെയായിമാറി. എനിക്കു ധാരാളം ധനം നൽകൂ, എനിക്ക് കുറേ പണ്ടങ്ങളുണ്ടാകാൻ അനുഗ്രഹിക്കൂ... എന്നിങ്ങനെ ശല്യപ്പെടുത്താൻ തുടങ്ങി. ഇവരിൽ നിന്നും രക്ഷ പെടാൻ ഈശ്വരൻ പല സ്ഥലത്തും ഓടിനോക്കി – മണ്ഡപം, സത്രം, ഗ്രാമം, നഗരം എന്നിങ്ങനെ എവിടെയെത്തിയാലും ഭക്തജനങ്ങൾ വിടാതെ ഒപ്പം കൂടി അലട്ടാൻ തുടങ്ങി. ഒടുവിൽ ഈശ്വരൻ അമ്പലത്തിലേയ്ക്കോടി. അവിടെയും എത്തി ഈ സ്വാർത്ഥമതികൾ. എന്തുചെയ്യണമെന്നറിയാതെ ഈശ്വരൻ ഒരു നിമിഷം ചിന്തിച്ചു. പെട്ടെന്നൊരു യുക്തി തോന്നി. മനുഷ്യൻ ഒരിക്കലും അവന്റെ ഉള്ളിലേയ്ക്ക് നോക്കില്ല. അങ്ങനെ ചിന്തിക്കാറു മില്ല. സ്വയം മനസ്സിലാക്കാൻ അവൻ ശ്രമിക്കുന്നി ല്ലല്ലോ. അതിനാൽ ഈശ്വരൻ മനുഷ്യന്റെ ഹൃദ യത്തിൽ കയറി ഒളിച്ചു. ഈശ്വരൻ എന്തുകൊണ്ട് ഹൃദയവാസിയായി എന്നതിന് ഉത്തരം കണ്ടെത്തു ന്നതിന് ഒരു തമാശയായി പറയുന്ന ഒരു കഥയാ ണിത്.

ആരിൽ നിന്നായാലും എന്തൊക്കെ നേടാം, അത്തരം ഒരു മനോഭാവമാണ് നമ്മിൽ പലർക്കു മുള്ളത്. അതുകൊണ്ടാണ് മറ്റുള്ളവർക്ക് എന്തു കൊടുക്കാം എന്നതിനെക്കുറിച്ച് ഒരിക്കലും ചിന്തിക്കാത്തത്.

നാം അമ്പലത്തിലൊരു വിളക്കു വാങ്ങുന്നു. ഒരു ട്യൂബ് ലൈറ്റാണ് അതെന്നു കരുതൂ. വെളിച്ചം കുറവായ മോശമായ തരം വിളക്കാവും വാങ്ങുക. അതിന്മേൽ വലിയ അക്ഷരത്തിൽ പേരു പതിക്കും. ഹിന്ദു ശാസ്ത്രമനുസരിച്ച് ഒരു സാധനം ദാനം നൽകുമ്പോൾ ന മമ (ഇനി മുതൽ എന്റേതല്ല) എന്നു പറഞ്ഞു വേണം കൊടുക്കുവാൻ. അങ്ങ നെയിരിക്കെ ഇതെന്റേതാണ് എന്ന് പേരെഴുതി നൽകുന്നതിലെ വിരോധാഭാസം ചിന്തിച്ചുനോക്കൂ. ഇത് അധർമ്മമല്ലേ.

കാലത്ത് ഉണർന്നാൽ പല്ലു തേയ്ക്കുന്ന പേസ്റ്റ് മുതൽ രാത്രി ഉറങ്ങുമ്പോൾ വെയ്ക്കുന്ന കൊതുകു തിരി വരെ നാമറിയാതെ ആരൊക്കയോ നിർമ്മി ക്കുന്ന വസ്തുക്കളാണ്. ഇതൊക്കെ നാം ഉപ യോഗിക്കുന്നു. ഇത്രയും വസ്തുക്കൾ ഈ സമൂ ഹത്തിൽ നിന്നും സ്വീകരിച്ച ഞാൻ അതിനു പക രമായി ലോകത്തിന് എന്തു കൊടുത്തു. ഇങ്ങനെ ചിന്തിച്ചു നോക്കിയാലറിയാം നാം ഈ ലോക ത്തിനോട് എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്ന്. അത്ഭുതകരമായ ഈ ജീവിതം ഈശ്വരൻ നമുക്കു നൽകിയിരിക്കുന്നു. ഈ ലോകത്തിലെ സകല വിജ്ഞാനികളും ഒന്നിച്ചു ചേർന്ന് ശ്രമിച്ചാൽ പ്പോലും നിർമ്മിക്കാനാവാത്ത അത്ഭുതകരമായ ശരീരം നമുക്ക് തന്നിരിക്കുന്നു. നാം കഴിക്കുന്ന ആഹാരം മുതൽ സദാ ചുറ്റിത്തിരിയുന്ന ഭൂഗോളം വരെ എത്രയെത്ര സമ്മാനങ്ങളാണ് ഈശ്വരൻ നമുക്ക് നൽകിയിരിക്കുന്നത്. ഇതിനൊക്കെ നാം ഈശ്വരനോട് നന്ദിപറയാറുണ്ടോ. വേദത്തിലെ ആദ്യ മന്ത്രത്തിൽ ഉപദേശിക്കുന്നത് നന്ദിയോടെ കഴിയാൻ പരിശീലിക്കൂ എന്നാണ്. തമിഴിൽ പോറ്റി എന്നതുതന്നെയാണ് സംസ്കൃതത്തിൽ നമഃ എന്നു പറയുന്നതും. ഇത് നന്ദിപൂർവ്വം ഉച്ചരിക്കണം.

എന്നാൽ ചുണ്ടുവരെ മാത്രം വരുന്ന വാക്കുക ളുടെ കണക്കെടുത്താൽ ആ പട്ടികയിൽ ഒന്നാം സ്ഥാനം നന്ദി എന്ന പദത്തിനായിരിക്കും.

ഒരു വിമാനം പറന്നു കൊണ്ടിരിക്കുന്നു. അതി നെന്തോ കേടുപാടു സംഭവിച്ച് അത് ആടി ഉല യാൻ തുടങ്ങി. എയർ ഹോസ്റ്റസ് യാത്രക്കാരോട് പറഞ്ഞു, യാത്രക്കാരേ നിങ്ങൾ ഭയപ്പെടരുത്. വിമാനത്തിന് ചെറിയൊരു കുഴപ്പം മാത്രമേ സംഭ വിച്ചിട്ടുള്ളു. പൈലറ്റു തന്നെ അത് ശരിയാക്കി ക്കൊള്ളും. സമയം കഴിയുന്തോറും വിമാനം നിയന്ത്രണാതീതമായി അപ്പോൾ എയർ ഹോസ്റ്റസ് പറഞ്ഞു, പ്രിയപ്പെട്ട യാത്രക്കാരേ – സമർത്ഥനായ നമ്മുടെ പൈലറ്റ് വളരെ പരിശ്രമിച്ചിട്ടും വിമാന ത്തിന്റെ കേടുകൾ തീർക്കാനായില്ല. ഏതാനും നിമിഷങ്ങൾക്കകം വിമാനം പൊട്ടിച്ചിതറിയേക്കും.

നിങ്ങൾ ഞങ്ങളുടെ വിമാനത്തിൽ യാത്ര ചെയ്ത തിന് നന്ദി – അവർ ശീലം കൊണ്ട് പറഞ്ഞു പോയി. യാത്രക്കാരെ അധോഗതിയിലേയ്ക്ക് തള്ളി വിട്ട് ആ എയർഹോസ്റ്റസ്സ് പാരച്യൂട്ടിലൂടെ വിമാനത്തിൽ നിന്നും പുറത്തു ചാടി. നാം ചില സമയങ്ങളിൽ ചിലരോട് പറയുന്ന നന്ദി ആ എയർ ഹോസ്റ്റസ്സ് പറഞ്ഞ നന്ദി പോലെയാണ്. അതൊരു ശീലം പോലെ പറയുകയാണ്.

# സേവന വാർത്തകൾ



കണ്ണൂർ ചാലാട് ബ്രഹ്മാകുമാരീസ് കേന്ദ്രത്തിൽ 'ആരോഗ്യത്തോടും സന്തോഷത്തോടും കൂടിയ ജീവിത'ത്തെക്കുറിച്ച് പ്രൊ. ഈ. വി. സ്വാമിനാഥൻ പ്രഭാഷണം ചെയ്യുന്നു



എറണാകുളത്ത് പ്രശസ്ത ചലചിത്ര നടനും സംവിധായകനുമായ ശ്രീ ബാലചന്ദ്രമേനോന് ബ്രഹ്മാകുമാരി രാധ രാഖി അണിയിക്കുന്നു ഒപ്പം ബി.കെ. ഹരികുമാർ, ബി.കെ. ഉഷ എന്നിവർ



കൊല്ലത്ത് ബ്രഹ്മാകുമാരി രഞ്ജിനി ജില്ലാ കളക്ടർക്ക് രാഖി അണിയിക്കുന്നു



എറണാകുളത്ത് ജസ്റ്ററിസ് കൃഷ്ണയ്യർക്ക് ബ്രഹ്മാകുമാരി രാധ രാഖി അണിയിക്കുന്നു മധ്യത്തിൽ ബ്രഹ്മാകുമാർ വാസൻ







കൊല്ലത്ത് വി. എസ്. എസ് ക്രിക്കററ് ടീം ഉദ്ഘാടനം ചെയ്ത് കൊണ്ട് ബ്രഹ്മാകുമാരി രഞ്ജിനി സംസാരിക്കുന്നു